LIBRARY ARCHIVES Kerala Legislative Assembly

പെരുമണ്ണ പഞ്ചായത്തിൽ ആയൂർവേദാശുപത്രി അനുവദിക്കാൻ നടപടി

134 [5932] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ പെരുമണ്ണ പഞ്ചായത്തിൽ നിലവിൽ ആയൂർവേദ ആശുപത്രി ഇല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രദേശത്ത് ഒരു ആയൂർവേദ ആശുപത്രി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എന്നത്തേയ്ക്ക് ആയത് പ്രവർത്തനമാരംഭിച്ച് ജനങ്ങൾക്ക് ചികിൽസ ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെടുന്നമുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

റാന്നി താലൂക്ക് ആയൂർവേദ ആശുപത്രി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി

135 [5933] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി ബാധിച്ച് ഏറ്റവും കൂടുതൽ രോഗികൾ ചികിൽസ തേടുകയും ഏറ്റവും കൂടുതൽ മരണങ്ങൾ ഉണ്ടാവുകയും ചെയ്തത് റാന്നി താലൂക്കിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ ഏറ്റവും വലിയ മലയോര താലൂക്കിൽ എത്ര പഞ്ചായത്തുകളിൽ ആയൂർവേദ, ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്;

(സി) ശബരില തീർത്ഥാടകരും നാട്ടുകാരും പ്രതീക്ഷിക്കുന്ന റാന്നി താലൂക്ക് ആയൂർവേദ ആശുപത്രി അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) ആയൂർവേദ, ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ആയൂർവ്വേദ ആശുപത്രി കെട്ടിടങ്ങൾ നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റാന്നി താലൂക്കിൽ '9' പേർ പകർച്ചപ്പനിയും മറ്റ് അസുഖങ്ങളും ബാധിച്ച് മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റാന്നി താലൂക്കിൽ ഒരു ആയൂർവേദ ആശുപത്രിയും ഏഴ് ആയൂർവേദ ഡിസ്പെൻസറികളും, മൂന്ന് ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്.

(സി) റാന്നി താലൂക്ക് ആയൂർവേദ ആശുപത്രി അനുവദിക്കാൻ നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ഡി) സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഇ) ആയൂർവേദ ആശുപത്രി കെട്ടിടങ്ങൾ നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

ആയൂർവേദ ആശുപത്രികളിൽ ദിവസ വേതന അടിസ്ഥാനത്തിൽ അറ്റൻഡർ തസ്തികയിൽ നിയമനം

136 [5934] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയൂർവേദ ആശുപത്രികളിൽ അറ്റൻഡർ തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം ജില്ലകളിൽ ഇപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർ വീതം ജോലി ചെയ്യുന്നുവെന്നും അവർ ജോലിയിൽ പ്രവേശിച്ചിട്ട് എത്ര നാളായി എന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിലുള്ളപ്പോൾ ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനവും അതുവഴി നടപ്പിലാക്കാതിരിക്കാൻ കാരണം പറയാമോ;

(ഡി) നിർബന്ധമായും 180 ദിവസമോ അതിൽ കൂടുതലോ സേവന ദൈർഘ്യം വേണ്ടുന്ന താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രം നടപ്പിലാക്കുവാൻ കർശന നിർദ്ദേശം നൽകാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly